LIBRARY ARCHIVES Kerala Legislative Assembly

പി. ഗീതാകുമാരിയുടെ സർവ്വീസ് റഗുലറൈസ് ചെയ്യൽ

60 [1756] *ശ്രീ. മാങ്കോട് രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുപ്രീം കോടതിയുടെ എസ്.എൽ.പി. (സി) നമ്പർ 3512/2001 നമ്പർ കേസ്സിലെ 11-7-2001-ലെ ഉത്തരവനുസരിച്ച് ആരോഗ്യ വകുപ്പിൽ ജെ.പി.എച്ച്.എൻ. ആയി ജോലി ചെയ്തുവരുന്ന പി. ഗീതാകുമാരിയുടെ സർവ്വീസ് റഗുലറൈസ് ചെയ്ത് ഉത്തരവായിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഇല്ലെങ്കിൽ ആയതിന്റെ കാരണം വിശദീകരിക്കുമോ;

(സി) പ്രസ്തുത സുപ്രീം കോടതി ഉത്തരവ് അടിയന്തിരമായി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) & (ബി) ഇല്ല. സുപ്രീം കോടതി വിധി നടപ്പിലാക്കുന്നത് സംബന്ധിച്ച് നടപടികൾ അന്തിമഘട്ടത്തിലാണ്. ഇതു സംബന്ധിച്ച ഫയൽ മന്ത്രിസഭയുടെ പരിഗണനയിലാണ്.

(സി) സുപ്രീം കോടതി വിധി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കണ്ണൂർ ജില്ലയിൽ സ്റ്റാഫ് നേഴ്സ് നിയമനം

61 [1757] *ശ്രീ. എം. വി. ജയരാജൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ സ്റ്റാഫ് നേഴ്സ് തസ്തികയുടെ പി. എസ്. സി. റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനത്തിനായി എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തു;

(ബി) ഇതുപ്രകാരം പി.എസ്.സി. യിൽ നിന്നും എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമന ശുപാർശ ലഭിച്ചു;

(സി) ഇവരിൽ എത്രപേർക്ക് നിയമന ഉത്തരവ് നൽകി;

(ഡി) എത്ര പേർ ജോലിയിൽ പ്രവേശിച്ചു;

(ഇ) പി. എസ്. സി. നിയമന ശുപാർശ ലഭിച്ച മുഴുവൻപേർക്കും നിയമനം നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ;